30/12/21

16/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1446(1)/2021/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 13245/SIC-G4/2021)

സന്നിഹിതൻ

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഡിസംബർ 16**

ശ്രീ. സി.എ.ഫെലിക്സ്,
മാർബിൾ ട്രസ്റ്റ് ബിൽഡിംഗ്,
ചെറുതോണി,
ഇടുക്കി കോളനി പി.ഒ.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
ചീഫ് എഞ്ചിനീയറുടെ (എച്ച്.ആർ.എം) കാര്യാലയം,
കെ.എസ്.ഇ.ബി., വൈദ്യുതി ഭവനം,
പട്ടം, തിരുവനന്തപുരം.
2) അപ്പീൽ അധികാരി &
സീനിയർ അക്കൗണ്ട്സ് ഓഫീസർ,
ചീഫ് എഞ്ചിനീയറുടെ (എച്ച്.ആർ.എം) കാര്യാലയം
കെ.എസ്.ഇ.ബി., വൈദ്യുതി ഭവനം,
പട്ടം, തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 25/06/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/7/2021, 26/07/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 30/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 03/09/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 16/10/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 20/10/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28/10/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 10/11/2021 |
| ഹിയറിംഗ് നടന്ന തീയതി | 14/12/2021 (വീഡിയോ/ആഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

ശ്രീ. സി.എ.ഫെലിക്സ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ഒന്നാം എതിർകക്ഷി മുമ്പാകെ 6 ഇനങ്ങളിലായി സമർപ്പിച്ച അപേക്ഷയിലെ 2, 3, 4, 5 എന്നീ ചോദ്യങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചതെന്നും തുടർന്ന് അപ്പീൽ സമർപ്പിച്ചുവെങ്കിലും ലഭിച്ച മറുപടി പി.ഐ.ഒ.യെ രക്ഷപ്പെടുത്താൻ കരുതികൂട്ടിയുള്ളതാണെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളും രേഖകളുടെ പകർപ്പുകളും ലഭ്യമാക്കണമെന്നാണ്:

i. 1.4.2003 മുതൽ 31.3.2004 വരെയുള്ള ഒരു വർഷക്കാലയളവിൽ കെ.എസ്.ഇ.ബി.യിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ ജോലിയിലിരിക്കെ സർവ്വീസിൽ നിന്ന് വിരമിച്ചവരുടെ എണ്ണം എത്ര എന്നും

ii. മേൽപ്പടി കാലയളവിൽ കെ.എസ്.ഇ.ബി.യിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ ജോലിയിലിരിക്കെ സർവ്വീസിൽ നിന്ന് വിരമിച്ചവരുടെ എണ്ണം എത്ര എന്നും

iii. 1.4.2003 മുതൽ 31.3.2004 വരെയുള്ള ഒരു വർഷക്കാലയളവിൽ കെ.എസ്.ഇ.ബി.യിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ജോലിയിലിരിക്കെ സർവ്വീസിൽ നിന്ന് വിരമിച്ചവരുടെ എണ്ണം എത്ര എന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. 26.7.2021 തീയതി ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാന്റെ അപേക്ഷയിലെ 2, 3, 4, 5 എന്നീ ചോദ്യങ്ങളിൽ സൂചിപ്പിച്ചിരിക്കുന്ന കാലയളവിൽ സർവ്വീസിൽ നിന്നും വിരമിച്ചവരുടെ തസ്തികയിലുള്ള എണ്ണം പട്ടികയായി ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല എന്നും ടി തസ്തികകളുടെ ഗ്രഡേഷൻ ലിസ്റ്റ് പുസ്തക രൂപത്തിൽ തസ്തിക തിരിച്ച് സെക്ഷനിൽ സൂക്ഷിച്ചിട്ടുള്ള വിവരം അറിയിക്കുന്നു എന്നും ആയത് നേരിട്ട് പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കാവുന്നതാണെന്നും ആവശ്യമായ ഗ്രഡേഷൻ ലിസ്റ്റിന്റെ ശരിപകർപ്പ് ഫീസ് അടച്ച് കൈപ്പറ്റാവുന്നതാണെന്നും ടിയാന്റെ അപേക്ഷയിലെ 1, 6 ഇനങ്ങളിലുള്ള ചോദ്യത്തിന് മറുപടി നേരിട്ട് ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. –ന്റെ ബോർഡ് സെക്രട്ടേറിയറ്റ് കാര്യാലയത്തിലേക്ക് അപേക്ഷയുടെ പകർപ്പ് കൈമാറിയിട്ടുണ്ടെന്നുമാണ്.

4. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ എസ്.പി.ഐ.ഒ നൽകിയ മറുപടി ശരി വച്ച് അപ്പീൽ തീർപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ശ്രീ. സി.എ.ഫെലിക്സ് ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ 25.6.2021 തീയതി സമർപ്പിച്ച അപേക്ഷ 28.6.2021–ന് എസ്.പി.ഐ.ഒ. ക്ക് ലഭിക്കുകയും 26.7.2021–ന് മറുപടി നൽകുകയും ചെയ്തിരുന്നു എന്നും പ്രസ്തുത മറുപടിയ്ക്കെതിരെ 30.7.2021 തീയതി അപ്പീൽ സമർപ്പിക്കുകയും ടി അപേക്ഷയിലെ ഒന്നു മുതൽ ആറ് വരെയുള്ള ചോദ്യങ്ങളായ 1.4.2003 മുതൽ 31.3.2004 വരെയുള്ള ഒരു വർഷക്കാലയളവിൽ കെ.എസ്.ഇ.ബി.യിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ്

എഞ്ചിനീയർ, സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ എന്നീ തസ്തികയിൽനിന്നും സർവ്വീസിൽ നിന്ന് വിരമിച്ചവരുടെ എണ്ണം എത്ര എന്ന വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകളിലെ അനുബന്ധ പേജുകളുടെ വ്യക്തവും നിയമാനുസൃതം സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നാണ് ആവശ്യപ്പെട്ടിരുന്നതെന്നും മേൽ പരാതിയുടെ അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷിയോട് റിപ്പോർട്ട് ആവശ്യപ്പെടുകയും അപ്രകാരം ലഭിച്ച റിപ്പോർട്ടിന്റെയും മറുപടി കത്തിന്റെയും അടിസ്ഥാനത്തിൽ അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ പ്രത്യേകം പട്ടിക രൂപത്തിൽ സൂക്ഷിച്ചിട്ടില്ലായെന്നും എല്ലാ തസ്തികയിലും പ്രവൃത്തി എടുത്തിരുന്ന ജീവനക്കാരെ ഉൾപ്പെടുത്തി തസ്തിക തിരിച്ചുള്ള ഗ്രഡേഷൻ ലിസ്റ്റ് പുസ്തക രൂപത്തിൽ തയ്യാറാക്കി സൂക്ഷിച്ചിരിക്കുന്നതിനാൽ അപേക്ഷകന് മുൻകൂട്ടി അനുവാദം വാങ്ങി ഓഫീസിൽ ഹാജരായി പരിശോധിക്കാവുന്നതാണെന്നും അല്ലാത്തപക്ഷം ഫീസ് ഒടുക്കി ശരിപ്പകർപ്പ് കൈപ്പറ്റാവുന്നതാണന്നും ഹർജിക്കാരന്റെ ആവശ്യപ്രകാരം വിവരം ഉണ്ടാക്കി നൽകേണ്ടതില്ലെന്ന കേന്ദ്ര വിവരാവകാശ കമ്മീഷന്റെ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ അപ്പീൽ തീർപ്പാക്കിയിരുന്നു എന്നും എസ്.പി.ഐ.ഒ.യുടെ 9.11.2021-ലെ റിപ്പോർട്ടിൽ നിലവിൽ കെ.എസ്.ഇ.ബി. ജീവനക്കാരുടെ പെൻഷൻ സംബന്ധമായ വിവരശേഖരം പ്രത്യേകം സോഫ്റ്റ് വെയർ മുഖാന്തിരം കൈകാര്യം ചെയ്യുന്നതായും അതിൽ വിവിധ തെരച്ചിൽ മാനദണ്ഡപ്രകാരം വ്യത്യസ്ത റിപ്പോർട്ടുകൾ തയ്യാറാക്കാൻ സാധിക്കുന്ന തരത്തിലുള്ള സംവിധാനത്തിലൂടെ അപേക്ഷകൻ ആവശ്യപ്പെട്ട പ്രകാരമുള്ള റിപ്പോർട്ട് പെൻഷൻ ആതറൈസേഷൻ വിഭാഗത്തിൽ ലഭ്യമാക്കാൻ കഴിഞ്ഞേക്കുമെന്ന കാര്യം സൂചിപ്പിച്ചുകൊണ്ട് പെൻഷൻ ആതറൈസേഷൻ സെക്ഷനിലേക്ക് തുടർനടപടികൾ സ്വീകരിക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും ഹർജിക്കാരന്റെ 2.8.2021-ലെ അപ്പീൽ അപേക്ഷ 3.9.2021 തീയതിയിലാണ് തീർപ്പാക്കിയതെന്നും 26.8.2021-ന് താൻ കോവിഡ് ബാധിച്ച് ഹോം ക്വാറന്റൈനിൽ പോകുകയും പ്രസ്തുത കാലയളവിൽ ചാർജ് വഹിച്ചിരുന്ന അക്കൗണ്ട്സ് ഓഫീസർ മറ്റൊരു കോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട് 31.8.2021 മുതൽ 2.9.2021 വരെ ഹോം ക്വാറന്റൈനിൽ പോകേണ്ടി വന്നതിനാലുമാണ് അപ്പീൽ അപേക്ഷ 3.9.2021-ന് തീർപ്പാക്കി തപാൽ സെക്ഷനിൽ 3.9.2021-ന് നൽകിയിരുന്നത് എന്നും എന്നാൽ തപാൽ സെക്ഷനിലെ ജീവനക്കാരന് കോവിഡ് ബാധിച്ചതിനാൽ മറ്റ് ജീവനക്കാരും ഹോം ക്വാറന്റൈനിൽ ആയിരുന്നു എന്നും ആയതിനാൽ 9.9.2021-നാണ് തപാൽ സെക്ഷനിൽ നിന്നും കത്ത് അയച്ചതെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 6 ഇനങ്ങളിലായി സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ 1, 6 എന്നീ ഇനങ്ങൾക്ക് ഹർജിക്കാരന് നേരിട്ട് മറുപടി നൽകുന്നതിനായി 29.6.2021-ന് കെ.എസ്.ഇ.ബി. ലിമിറ്റഡ്

ബോർഡ് സെക്രട്ടേറിയറ്റ് കാര്യാലയത്തിലെ എസ്.പി.ഐ.ഒ.യ്ക്ക് അപേക്ഷയുടെ പകർപ്പ് അയച്ചു കൊടുക്കുകയും അവിടത്തെ എസ്.പി.ഐ.ഒ. ടി ഇനങ്ങൾക്ക് 20.7.2021-ന് മറുപടി നൽകിയിട്ടുള്ളതുമാണ് എന്നു കാണുന്നു. എന്നാൽ സമാന രീതിയിലുള്ള ചോദ്യങ്ങൾ തന്നെയാണ് ബാക്കി 4 ഇനങ്ങളിലും ഹർജിക്കാരൻ ഉന്നയിച്ചിരുന്നത്. ആയതിന് മറുപടി നൽകുന്നതിൽ യാതൊരു പ്രയത്നവും നടത്താതെ വിവരം ക്രോഡീകരിച്ച് വച്ചിട്ടില്ല എന്ന് വളരെ ലാഘവത്തോടെ മറുപടി നൽകിയതും അന്ധനും ബധിരനുമായ 70 വയസ്സുള്ള ഹർജിക്കാരനോട് രേഖകൾ നേരിട്ട് പരിശോധിക്കാൻ നിർദേശിച്ചതും വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. മാത്രമല്ല കെ.എസ്.ഇ.ബി. ജീവനക്കാരുടെ പെൻഷൻ സംബന്ധമായ വിവരശേഖരം പ്രത്യേകം സോഫ്റ്റ്‌വെയർ മുഖാന്തിരം തെരച്ചിൽ നടത്തി കണ്ടെത്താൻ കഴിയുന്നതാണെന്ന് ഒന്നാം എതിർകക്ഷി തന്നെ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. ആയതിനാൽ ഹർജിക്കാരന് മറുപടി നൽകുന്നതിൽ എതിർകക്ഷിയുടെ ഭാഗത്ത് വീഴ്ച സംഭവിച്ചതായി പ്രഥമദൃഷ്ട്യാ കമ്മീഷന് ബോധ്യമായിട്ടുണ്ട്. ആയതിനാൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്ന് എതിർകക്ഷികളോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം വളരെ വ്യക്തമായി കാലാവധി രേഖപ്പെടുത്തിയിട്ടുള്ളതാണ്. സമാന വിവരം ലഭ്യമാക്കാൻ പറ്റുന്നത് തന്നെയാണെന്ന് ബോർഡ് സെക്രട്ടറി കാര്യാലയത്തിലെ എസ്.പി.ഐ.ഒ. നൽകിയ മറുപടി പരിശോധിച്ചതിൽ കമ്മീഷന് ബോധ്യമായിട്ടുമുണ്ട്. കൂടാതെ നിലവിൽ സോഫ്റ്റ്‌വെയർ സംവിധാനം ഉപയോഗിച്ച് വളരെ എളുപ്പത്തിൽ വിവരം ശേഖരിച്ച് ഹർജിക്കാരന് നൽകുവാൻ സാധിക്കുന്നതുമാണ്. ആയതിനാൽ ഹർജിക്കാരന് വിവരം നാളിതുവരെ ലഭ്യമാക്കിയിട്ടില്ലെങ്കിൽ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ഹർജിക്കാരന് മറുപടി നൽകി കമ്മീഷനിൽ റിപ്പോർട്ട് ഹാജരാക്കണമെന്ന് എതിർകക്ഷികളോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 16-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി